"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമവകപ്പ് - ജീവനക്കാര്യം - ശ്രീമതി.ടൈനി ജോൺ ഫയൽ ചെയ്ത O.A[EKM]No.86/2026 നമ്പർ കേസിന്റെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24/03/2026 തീയതിയിലെ ഇടക്കാല ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

G.O.(Rt)No.1252/2026/H&FWD തീയതി,തിരുവനന്തപുരം, 27-03-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.800/2026/H&FWD തീയതി 27-02-2026
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 18-03-2026 തീയതിയിലെ DHS/3941/2026-FWC1 നമ്പർ കത്ത്
3. ശ്രീമതി.ടൈനി ജോൺ ഫയൽ ചെയ്ത O.A [EKM] No. 86 /2026 നമ്പർ കേസിന്റെ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24/03/2026 തീയതിയിലെ ഇടക്കാല ഉത്തരവ്
4. സ.ഉ.(സാധാ) നം.3415/2026/Fin തീയതി 25-03-2026

**ഉത്തരവ്**

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ വയനാട് ജില്ലയിലെ മുള്ളൻകൊല്ലി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ടൈനി ജോൺ തന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് 22/06/2022 മുതൽ 16/07/2022 വരെ കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 14,92,965/- രൂപയുടെ 80% ആയ 11,94,372/- രൂപ (പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി മുന്നൂറ്റിയെഴുപത്തിരണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

2. പ്രസ്തുത തുക ടിയാൾക്ക് നൽകുന്നതിന് 2211-00-101-96-00-01-04(NP) MR ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ തുക അപര്യാപ്തമായതിനാൽ 11,94,372/-(പതിനൊന്നു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി മുന്നൂറ്റി എഴുപത്തി രണ്ടു രൂപ മാത്രം)രൂപ കൂടി അധികമായി വകയിരുത്തുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു .

3. ശ്രീമതി. ടൈനി ജോൺ ഇതിനോടകം കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണ

ൽ മുൻപാകെ **O.A (EKM) No. 86/2026** നമ്പർ കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ **24/03/2026** തീയതിയിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ബഹു. ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ വയനാട് ജില്ലയിലെ മുള്ളൻകൊല്ലി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ടൈനി ജോൺ തന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് **22/06/2022** മുതൽ **16/07/2022** വരെ കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ **14,92,965/-** രൂപയുടെ **80%** ആയ **11,94,372/-** രൂപ (പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി മുന്നൂറ്റിയെഴുപത്തിരണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന്, പ്രാബല്യത്തിലുള്ള സാമ്പത്തിക ഉത്തരവുകളിൽ ഇളവ് വരുത്തിക്കൊണ്ട്, കേരള ബജറ്റ് മാനുവലിന്റെ ഖണ്ഡിക **95(3)** പ്രകാരം, **11,95,000/-** രൂപ (പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) പരാമർശം **(4)** പ്രകാരം അനുവദിച്ചു് ഉത്തരവായിട്ടുണ്ട്.

4. ശ്രീമതി.ടൈനി ജോൺ ഫയൽ ചെയ്ത **O.A [EKM] NO 86/2026** നമ്പർ കേസിലെ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **24/03/2026** തീയതിയിലെ ഇടക്കാല ഉത്തരവ് ഇപ്രകാരം അനുപാലിച്ചു് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**Dr. Rajan Namdev Khobragade I A S**

**ADDITIONAL CHIEF SECRETARY**

അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി ടൈനി ജോൺ, പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ (റിട്ടയർഡ്) കരമയിൽ വീട്, കേണിച്ചിറ പി.ഒ, വയനാട്, **673596.**
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), വയനാട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന )
മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യകേന്ദ്രം, മുള്ളൻകൊല്ലി, പാടിച്ചിറ പി.ഒ., വയനാട്- **673 579** (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യകേന്ദ്രം, തരിയോട്, വയനാട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ (ലോൺസ്) വകുപ്പ് **(25/03/2026 -ലെ 2427178/HLT-A 1/FIN/2023-**ധന നമ്പർ പ്രകാരം)
കരുതൽ ഫയൽ **(C1/63/2023/H&FWD)**

ഉത്തരവിൻ പ്രകാരം
Signed by
Rekha Johnson
Date: 28-03-2026 14:47:05

സെക്ഷൻ ഓഫീസർ